ടിപ്പിക്കേണ്ടി വരുന്ന അവസ്ഥ;
. അതിനായി നിർമ്മിക്കപ്പെട്ട
നിലനിൽക്കുകയും ചെയ്യുന്നു.
മുനിഞ്ഞുകത്തുന്ന സ്നേഹത്തി
കാണാനാകും. 'പ്രത്യാശയായ്,
്യമായ്' പുഷ്പിച്ചു നില്ക്കുവാൻ
എന്നു ഉദ്ഘോഷിക്കുകയാണു
ന്ന. മാതൃഭാവത്തിന്റെ പെറുനഖ
ലുമുണ്ട്.
ുമഭയമായ് അമ്മയായ്' നില്ക്കുന്ന
ഒരമ്മ മഹർന്നിസയിലുമുണ്ട്.
അതൊരു സത്തയാണ്. 'അമ്മ
യുടെ സൗഭാഗ്യങ്ങൾ' എന്ന
കവിതയിലാകട്ടെ, ആധുനിക
കാലത്തെ ഒരമ്മയുടെ ദുരനുഭ
വത്തെയാണു പകർത്തുന്നത്.
മക്കളും മരുമക്കളുമെല്ലാം ഉള്ള
സമ്പന്നയായ ഒരമ്മയ്ക്കു രോഗ
ശയ്യയിൽ ആരും കൂട്ടിനില്ലാത്ത
അവസ്ഥയാണ്. എല്ലാവർക്കും
സ്വന്തം തിരക്കുകളിലും ആനന്ദ
ങ്ങളിലുമാണ് ശ്രദ്ധ. ഊഴമിട്ടു
പരിചരിക്കാനെത്തുന്നവരുടെ
പങ്കപ്പാടുകളിൽ നിന്നും ആ
അമ്മ മോചിതയാകുന്നത് അവ
സാനത്തെ അതിഥി വന്നണയു
ന്നതോടെയാണ്. 'സംസ്കാരം'
എന്ന കവിതയും രോഗാതുരയായ
ഒരമ്മയുടെ ദൈന്യത പ്രതിപാദിക്കുന്നു.
കിടന്നകിടപ്പിൽ കഴിഞ്ഞു പോകുന്ന
ആ അമ്മയ്ക്കു സംസ്കാരമില്ല എന്നു
കുറ്റപ്പെടുത്തുകയാണ് ഉറ്റവർ. 'അലക്ഷ്യ
ക്കോടതി' എന്ന കവിതയിൽ, സ്വന്തം
അമ്മയുടെ മാനം കൊത്തിക്കീറാൻ
കശ്മലന്മാർക്കു വാതിൽ തുറന്നു
കൊടുക്കുന്ന ദുർവൃത്തനായ ഒരു
മകനെ കാണാം. ഇവിടെയെല്ലാം രോ
ഗാതുരമായ ഒരു സമൂഹത്തെയാണു
മണമ്പൂർ ചിത്രീകരിക്കുന്നത്.

മണമ്പൂർക്കവിതകളുടെ നിശി
ന്ന തലം തന്നെയാണ് എല്ലാ കവിതകൾക്കു
പെൺപക്ഷ കവിതകളും അതേ. വിശാലമായ
ൽ ഈ കവിതകളെ പെൺപക്ഷക്കവിതകൾ
ക്കണ്ടതുണ്ടോ എന്നു സന്ദേഹിക്കാം. കാരണം,
യോർന്ന ഒരു സമൂഹത്തിലെ ദുരന്തചിത്രങ്ങൾ
പാത്രങ്ങൾ സ്ത്രീകളായിപ്പോയി എന്നുമാത്രം. ഒരമ്മ
ൾ മറ്റൊരമ്മ അല്ലെങ്കിൽ നിരാലംബയായ ഒരു
മാത്രം. പെൺപക്ഷത്തുനില്ക്കുമ്പോഴും, അത്
ന്റെ വിസ്തൃതമായ ഒരു പശ്ചാത്തലത്തിൽ
് കവി അതു കണ്ടെത്തുന്നത്.

ത്തിൻ തൊട്ടിലാട്ടുന്ന
ധിതൻ പ്രഘോഷത്തെ
യം കൊണ്ടു പ്രണമിക്കാൻ
റന്റെ പൂ വിടർന്നെങ്കിൽ'

റന്റെ പൂ വിടർന്നെങ്കിൽ' എന്ന കവിതയിൽ, അലൗകികമായ
ലൗകികം' എന്ന കവിതയിൽ, അലൗകികമായ
നഹാനുഭവത്തെ പരാവർത്തനം ചെയ്യുന്നുണ്ടല്ലോ,
ാലെയുള്ള ഒരു ദീർഘപ്രണാമം തന്നെയാണ് ഈ
ളിലൂടെ മണമ്പൂർ ആവിഷ്കരിക്കുന്നത്.

**അവൾ**
**പെൺപക്ഷ കവിതകൾ**
**മണമ്പൂർ രാജൻബാബു**
**ഡി.സി ബുക്സ്, വില - 45 രൂപ.**



കാരൂർ സോമൻ



# മാന്ത്രികപ്പുതപ്പ്

ഒറ്റയാൾ പുതപ്പിലെ
സുരക്ഷിതത്വമാണ്
ബാല്യത്തിലെ
കളിപ്പാട്ടങ്ങൾക്ക്
ജീവൻ നൽകുന്നത്

തണുപ്പ്-കൊതുക്-മൂട്ട
ഉറക്കത്തെ വെല്ലുവിളിക്കുന്ന
സ്വപ്നഭേദങ്ങൾ
ഉള്ളറകളിൽ ഉപ്പിട്ട്
ഉണരൂ-ഉണരൂ എന്ന്
ഉന്മാദിനിയെപ്പോൽ

നമുക്ക് കൊട്ടിപ്പാടാൻ
ചെണ്ട നൽകിയ
നന്മയുടെ പാണനാര്
ബാല്യത്തിലെ ഒറ്റച്ചേരിപ്പാണ്
കളയാനും മേലാ.
കളയാതിരിക്കാനും മേലാ

മോതിരക്കൈവിരലിൽ ഞാണ്
മോഹസന്ധ്യയിൽ നൂണ്
പിന്നെയും കളിവാച്ചുകളൂരി
സമയബോധമില്ലാതെ
ഒറ്റയാൾ പുതപ്പിലേക്ക്
ഈ സമയം എനിക്കും നിനക്കും
പ്രതീക്ഷ വരണ്ട വാർദ്ധക്യം.

E-Mail:karoorsoman@yahoo.com